**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 307** **28-06-2024 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള നോളജ് ഇക്കോണമി മിഷൻ സംസ്ഥാനത്തെ തൊഴിലന്വേഷണവും തൊഴിൽ ദാതാക്കളെയും കോർത്തിണക്കുന്നതിനായി ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം എന്ന പോർട്ടലിന് രൂപം നല്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. കേരള ഡെവലപ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്) ന്റെ ഭാഗമായ കേരള നോളജ് ഇക്കോണമി മിഷൻ സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് വിജ്ഞാനാധിഷ്ഠിതമായ, സ്ഥിരമോ താല്ക്കാലികമോ ഫ്രീലാൻസ് മാതൃകയിലുള്ളതോ ആയ തൊഴിലുകൾ കണ്ടെത്തുന്നതിനായി തൊഴിലന്വേഷകരേയും തൊഴിൽ ദാതാക്കളെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനായി ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) എന്ന ഇലക്ട്രോണിക് പ്ലാറ്റ്ഫോമിന് രൂപം നൽകിയിട്ടുണ്ട്. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെയാണ് ഈ പ്ലാറ്റ്ഫോം തയ്യാറാക്കിയിട്ടുള്ളത്. തൊഴിലന്വേഷകർക്ക് അഭിരുചിയ്ക്കനുസരിച്ച മെച്ചപ്പെട്ട തൊഴിലവസരങ്ങൾ ലഭ്യമാകാനുതകുന്ന തരത്തിൽ നൈപുണ്യ പരിശീലന സഹായങ്ങളും കരിയർ സഹായ പരിപാടികളും ഇന്റേൺഷിപ്പ്, അപ്രെന്റിസ്ഷിപ്പ് എന്നിവയുമുള്ള സൗകര്യങ്ങളും DWMS പ്ലാറ്റ്ഫോം മുഖാന്തിരം നൽകുന്നുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പോർട്ടലിൽ ഇതുവരെ എത്ര തൊഴിലന്വേഷകർ രജിസ്റ്റർ ചെയ്തെന്നും അതിൽ എത്രപേർക്ക് തൊഴിൽ ലഭിച്ചുവെന്നും വ്യക്തമാക്കാമോ; | (ബി) | 21.06.2024 ലെ കണക്കുപ്രകാരം 17,02,710 തൊഴിലന്വേഷകർ രജിസ്റ്റർ ചെയ്തു. അതിൽ 38,317 പേർക്ക് ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം വഴി തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്. |
| (സി) | ലോകത്തിലെ ഏറ്റവും വലിയ ടാലന്റ് മാർക്കറ്റ് പ്ലേസ് ആകുവാൻ ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ചുവരുന്ന തീരുമാനങ്ങളും നടപടികളും എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (സി) | അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുന്നതിനുവേണ്ടി, നൈപുണ്യ വർദ്ധനവിനുള്ള പരിപാടികൾ കേരളത്തിൽ മുൻപും നടത്തിയിട്ടുണ്ട്. എന്നാൽ അത്തരം നൈപുണ്യവർദ്ധനവിനുള്ള പരിപാടികളിൽ പങ്കെടുത്താൽ ജോലി ലഭ്യമാകും എന്ന് ഉറപ്പാക്കാൻ കഴിയുന്ന തരത്തിൽ, തൊഴിൽ അന്വേഷകനും തൊഴിൽദായകനും തമ്മിൽ നേരിട്ടുള്ള |

| | | | |
|---|---|---|---|
| | | | ഇടപെടലിനുള്ള സംവിധാനം ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം വഴി ഒരുക്കാൻ കഴിഞ്ഞിട്ടുണ്ട്. തൊഴിൽ അന്വേഷകരുടെ രജിസ്ട്രേഷൻ, തൊഴിൽദായകരുടെ രജിസ്ട്രേഷൻ, എന്നിവയും ഈ പ്ലാറ്റ്ഫോമിൽ ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ